പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 864 — 8.3.2011 ന് മറുപടിയ്ക്ക്.

## സ്കിൽ ട്രെയിനിംഗ് അക്കാഡമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കിൽ ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) നിർമ്മാണ - വ്യാവസായിക മേഖലകളിൽ വളരെയധികം തൊഴിൽ സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ടെങ്കിലും വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യത, തൊഴിലവസരങ്ങൾ വേണ്ടവിധം പ്രയോജനപ്പെടാതെ പോകുന്ന അവസ്ഥയാണ് സംജാതമാക്കുന്നത്. ഈ കുറവ് പരിഹരിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും, ഭാവിയിൽ ടി മേഖലകളിലുണ്ടാകുന്ന മുന്നേറ്റം ഫലപ്രദമായി ഉപയോഗിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് ഒരു Skill Training Academy ആരംഭിക്കുന്നത്. 2022-ഓടെ 500 ദശലക്ഷം പേർക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകുക എന്ന നാഷണൽ സ്കിൽ ഡെവലപ്മെന്റ് മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാനത്തിന്റെ പങ്ക് വഹിക്കുന്നതിന് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് അക്കാദമി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) അക്കാദമി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ. അക്കാദമിയുടെ ഉപദേശക സമിതി ശുപാർശ ചെയ്യുന്നതനുസരിച്ച് വിവിധ ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ